പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1246** — 13/12/2012 ൽ മറുപടിയ്ക്ക്

## ഓൺലൈൻ റവന്യൂ വകുപ്പ് - സേവനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ വഴി ആക്കിയിട്ടുണ്ടോ; | (എ) റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ, പോക്കുവരവ് എന്നീ സേവനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഓൺലൈൻ വഴി നൽകി വരുന്നു. |
| (ബി) ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; | (ബി) വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ 04/08/2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/10/വി:സാ:വ: അനുസരിച്ച് റവന്യൂ വകുപ്പിൽ നിന്നും 23 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ആക്കിയിട്ടുണ്ട്. കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ ഓൺലൈൻ വഴി സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇതു നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഓൺലൈൻ വഴി പോക്കുവരവ് നടത്തുന്നതിനുള്ള ReLIS (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഓൺലൈൻ വഴി ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധികാരികത ഉണ്ട്; | (സി) | 04/08/2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/10/വിസവ പ്രകാരം ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റു കൾക്കും 14/09/2011 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 333/2011/റവന്യൂ പ്രകാരം ഓൺലൈൻ വഴി നടത്തുന്ന പോക്കുവരവുകൾക്കും ആധികാരികതയുണ്ട്. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായ ത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്നറി യിക്കുമോ? | (ഡി) | റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളു ടെയും, അക്ഷയ സെന്ററുകളുടെയും സഹാ യത്തോടെ ReLIS പദ്ധതിയും, റവന്യൂ വകുപ്പ്, ഐ.റ്റി. മിഷൻ, അക്ഷയ സെന്ററുകൾ എന്നിവയുടെ സഹായ ത്തോടെ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയും (ഓൺ ലൈൻ വഴി സർട്ടിഫിക്കറ്റുകൾ നൽകുന്ന പദ്ധതി) നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### റവന്യൂ വകുപ്പിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ

| നമ്പർ | സർട്ടിഫിക്കറ്റ് |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസിൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | കൈവശാവകാശവും നോൺ അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹ സർട്ടിഫിക്കററ് |
| 15 | ലൈഫ് സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | മത/ ജാതി പരിവർത്തന സർട്ടിഫിക്കറ്റ് |
| 20 | അഗതി സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതനെന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |